# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി.11-2138/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: 22-12-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്

ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-11-2138 /2016 തീയ്യതി: 22-12-2016

പാലക്കാട് ജില്ലയിലെ പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പാലക്കാട് ജില്ലയിലെ പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11-6-2016 മുതൽ 30-10-2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 31-10-2016 മുതൽ 8-11-2016 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എം.എസ്.താരിഖ് | ഓഡിറ്റർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പ്രസീത.കെ | 1-4-2015 മുതൽ<br>31-10-2015 വരെ |

| | | |
|---|---|---|
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ<br>11-11-2015 വരെ |
| | ശ്രീമതി.ജയന്തി.എസ് | 12-11-2015 മുതൽ<br>31-3-2016 വരെ |
| സെക്രട്ടറി | ശ്രീ.കെ.അജിത് | 1-4-2015 മുതൽ<br>22-7-2015FN വരെ |
| | ശ്രീ. എസ്.സുബ്രമണ്യൻ | 22-7-2016AN മുതൽ<br>10-1-2016 വരെ<br>25-1-2016 മുതൽ<br>31-1-2016 വരെ |
| | ശ്രീ.വിനോദ്.എ.കെ, ജെ.എസ്<br>(സെക്രട്ടറി-ഇൻ-ചാർജ്ജ്) | 11-1-2016 മുതൽ<br>24-1-2016 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.മഞ്ജു.എസ്.പി | 1-4-2015 മുതൽ<br>31-3-2016 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.എം.ദേവദാസ് | 1-4-2015 മുതൽ<br>31-3-2016 വരെ |
| വി.ഇ.ഒ | ശ്രീ.രമേഷ്.ജി | 1-4-2015 മുതൽ<br>21-10-2015 വരെ |
| | ശ്രീ.ഹസ്സൻ മുഹമ്മദ്.എ | 22-10-2015 മുതൽ<br>31-3-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബേബി.കെ.കേലത്ത് | 1-4-2015 മുതൽ<br>30-12-2015 വരെ |
| | ശ്രീമതി.ശോഭ.പി.കെ | 31-12-2015 മുതൽ<br>31-3-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സെയ്നുലാബിദ്ദീൻ | 1-4-2015 മുതൽ<br>31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.പി.എസ്.രാമകൃഷ്ണൻ | 1-4-2015 മുതൽ<br>31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ഹേമ | 1-4-2015 മുതൽ<br>31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.വാണി ചന്ദ്രശേഖരൻ | 1-4-2015 മുതൽ<br>31-3-2016 വരെ |

## ഉള്ളടക്കം

### ഭാഗം 1

### ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രിക | 1(11) |

### ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വസ്തുനികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തൽ | 2(1) |
| 2 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം | 2(2) |
| 3 | പരസ്യനികുതി പിരിവ് നിയമാനുസൃതമാക്കി പിരിവ് കാര്യക്ഷമമാക്കണം | 2(3) |
| 4 | നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാതെ പെട്രോൾ | 2(4) |

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വസ്തുനികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തൽ | 2(1) |
| | പമ്പിന് ഡി&ഓ ലൈസൻസ് അനുവദിക്കുന്നത് ഒഴിവാക്കണം | |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനം വിലയിരുത്തൽ | 3(1) |
| 2 | തെരുവുവിളക്കുകൾക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങുന്നതിനുമുമ്പായി ആവശ്യകത വിലയിരുത്തുന്നില്ല | 3(2) |
| 3 | വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമായില്ല | 3(3) |
| 4 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ | 3(4) |
| 5 | ആയുർവേദ ഡിസ്പെൻസറിക്ക് സ്റ്റേഷണറി സാധനങ്ങൾ വാങ്ങുവാൻ വികസനഫണ്ട് ചെലവഴിച്ചു | 3(5) |
| 6 | അങ്കണവാടികൾക്ക് രജിസ്റ്ററുകൾ, സ്റ്റേഷനറി സാധനങ്ങൾ വാങ്ങുവാൻ വികസനഫണ്ട് വകമാറ്റി ചെലവഴിച്ചു | 3(6) |
| 7 | ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കണം | 3(7) |
| 8 | കുടുംബശ്രീ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള വികസന ഫണ്ട് തിരിച്ചടക്കേണ്ടതാണ് | 3(8) |
| 9 | വിവിധ കെട്ടിടങ്ങളുടെ റൂഫിംഗിനായി ഉപയോഗിച്ച ജി.ഐ ഷീറ്റിന് അധിക നിരക്ക് അനുവദിച്ചു-115524 രൂപയുടെ നഷ്ടം | 3(9) |
| 10 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്-പൊതുവായ നിരീക്ഷണങ്ങൾ | 3(10) |
| 11 | ആശ്രയ പദ്ധതി - അവലോകനം | 3(11) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 28-3-2015 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 83603500രൂപയും ചെലവ് 84236000 രൂപയുമാണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 31-7-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2015-16 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 12829068 |
| വരവ് | 28562718 |
| ആകെ | 41391786 |
| ചെലവ് | 39239736 |
| നീക്കിയിരിപ്പ് | 2152050 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടുകളിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ചത് | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 1307412 | 2345779 | 6144147 (*) | 9797338 | 7451559 | 2345779 | 0 |
| വികസന ഫണ്ട് എസ്.സി.പി | 981100 | | 3159447 | 4140547 | 4108547 | 32000 (വി.പി.എഫ്.എ 2) | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് ടി. എസ്. പി | 0 | | 251000 | 251000 | 0 | 251000 (തിരിച്ചടവ്) | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2338856 | 142977 | 7940571 | 10422404 | 10422404 | 0 | 0 |
| സംരഷണ ഗ്രാന്റ് നോൺ റോഡ് | 400270 | | 2059451 | 2459721 | 2316744 | 142977 (റോഡിലേക്ക്) | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 772188 | | 5179129 | 5951317 | 3905290 | 2046027 (വി.പി. എഫ്. എ 2) | 0 |
| പെർഫോമൻസ് ഗ്രാന്റ് | 1812475 | - | 0 | 1812475 | 1544723 | 267752 (വി.പി. എഫ്. എ 2) | 0 |
| എം. എൻ. ആർ. ഇ. ജി. എസ്. | 107116 | 18109754 (**) | | 18216870 | 18214165 | 0 | 2705 |
| ബി ഫണ്ട് (നേരിട്ട് ചെലവഴിച്ചത് ഉൾപ്പെടെ) | 0 | 19667555 | 19667555 | 19667555 | 19667555 | - | 0 |

(*) വാർഷിക കണക്കിലെ R&P സ്റ്റേറ്റ്മെന്റ് 31 പ്രകാരം വികസനഫണ്ട് ജനറൽ ഇനത്തിലെ വരവ് 4427845 രൂപയാണ്. യഥാർത്ഥ വരവ് 6144147 രൂപയാണ്. വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

(**) FTO തുക ഉൾപ്പെടെ.

വാർഷിക കണക്കിൽ I-6 സ്റ്റേറ്റ്മെന്റ് പ്രകാരം MNREGA വരവ് 789890 രൂപ മാത്രമാണ് വരവ് കാണിച്ചിട്ടുള്ളത്. ഇ,എഫ്.എം.എസ് മുഖേനയുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് % |
|---|---|---|---|---|---|---|---|
| 2015-16 | 138 | 42470471 | 115 | 30337378 | - | 23 | 71 |

2015-16 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 83% പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 71% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 5323208 | 3415776 | 64 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 650000 | 195000 | 30 |
| വി.ഇ.ഒ | 16 | 9 | 8227552 | 3098500 | 38 |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 8 | 6 | 2279100 | 1758580 | 77 |
| സെക്രട്ടറി | 23 | 20 | 6847428 | 5384481 | 79 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 70 | 10 | 17118283 | 14497281 | 85 |
| മെഡിക്കൽ ഓഫീസർ | 10 | 9 | 564900 | 531850 | 94 |

| | | | | | |
|---|---|---|---|---|---|
| -PHC | | | | | |
| മെഡിക്കൽ ഓഫീസർ -ISM | 2 | 2 | 160000 | 155910 | 97 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1200000 | 1200000 | 100 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 1537807 | 1549973 | (+)12166 | +(1) |
| നികുതിയേതര വരവുകൾ | 710975 | 643543 | (-)67432 | -(9) |
| ആകെ | 2248782 | 2193516 | (-)55266 | -(2) |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസ ത്തിനകം തീരുമാനെ മടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 39 | 15 | - | വിവിധ അന്വേഷണ ഉദ്യോഗ സ്ഥരുടെ റിപ്പോർട്ട് ലഭിക്കുന്ന തിന്റെ കാലതാമസം ഒഴിവാക്കേ ണ്ടതാണ്. |
| 2 | തൊഴിൽ രഹിത വേതനം | 23 | 9 | 14 | |
| 3 | വിധവാ പെൻഷൻ | 59 | 38 | 1 | |
| 4 | വികലാംഗ പെൻഷൻ | 21 | 18 | 0 | |

| | | | | |
|---|---|---|---|---|
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4 | 2 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 220 | 105 | 27 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1-11-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 12683 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമനം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 10-10-2016 | 9/2016 | ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 7-12-2012 | 2007-08 മുതൽ 2011-12 വരെ | 5-2-2013 | - |

# 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തൽ

13 വാർഡുകളിലായി 7300 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുണ്ട്. ആയതിൽ 660 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള 2003 കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ബാക്കിയുള്ള 4712 റസിഡൻഷ്യൽ ബിൽഡിംഗുകൾക്കും 585 നോൺ റസിഡൻഷ്യൽ ബിൽഡിംഗുകൾക്കുമാണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 4.06.2013 ലെ (എം.എസ്)നമ്പർ 210/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് എന്നിവ അനുസരിച്ച് വസ്തുനികുതി പുനർ നിർണ്ണയം നടത്തിയിട്ടുണ്ട്. സ.ഉ.(അ)നമ്പർ 20/2011/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പഞ്ചായത്ത് പരിധിയിൽ 14.01.2011 മുതൽ നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങൾക്ക് പ്രസ്തുത തീയ്യതി മുതലും 14.01.2011 ന മുമ്പ് നിർമ്മിച്ചവയും നിലവിൽ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതുമായ കെട്ടിടങ്ങൾക്ക് 01.04.2013 മുതൽ പ്രാബല്യത്തിലും പുതിയ നിരക്കിലുള്ള നികുതി നിരക്കുകൾ ഈടാക്കേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ [പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ, വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നവ തുടങ്ങിയ രീതിയിൽ] തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിക്കാനും വ്യവസ്ഥചെയ്യുന്നുണ്ട്. ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രദേശങ്ങളെ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളാക്കി തിരിക്കുകയും ഓരോ മേഖലകളിലും നിഷ്കർഷിച്ച നിരക്കിൽ, തറവിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുകയും വേണമെന്ന് നിബന്ധനയുണ്ട്.

ചട്ടങ്ങളിലെ നിർദ്ദേശാനുസരണം പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിരക്ക് 19-8-2011 ലെ തീരുമാനം നം. 1 പ്രകാരം പുനർനിർണ്ണയിച്ചിട്ടുണ്ട്. നികുതിനിർണ്ണയത്തിന്റെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും ധാരാളം അപാകതകൾ കടന്നുകൂടിയിട്ടുള്ളതായി പ്രാഥമിക പരിശോധനയിൽ ബോധ്യപ്പെട്ടു. അപാകതകൾ പരിഹരിച്ചുവരുന്നതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണത്തിലൂടെ നികുതി വരുമാനം വർദ്ധിച്ചുവെങ്കിലും സ.ഉ(എം.എസ്)നം. 144/15/ത.സ്വ.ഭ.വ തിയതി 27-4-2015 പ്രകാരം 660 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള 2300 കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയതിനാൽ വരുമാനത്തിൽ കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. ഈ ഉത്തരവനുസരിച്ച് 368340 രൂപയുടെ കുറവ് ഉണ്ടായതായി ഗ്രാമപഞ്ചായത്ത് അറിയിച്ചു. പല ഘട്ടങ്ങളിലായി നികുതി നിർണ്ണയത്തിൽ മാറ്റം വന്നതിനാൽ, 2015- 16 വർഷത്തെ വസ്തുനികുതി ഡിമാന്റ് 13.18 രൂപയാണ്. ആദ്യഘട്ടത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയ പല കെട്ടിടങ്ങളുടേയും ഉടമകൾക്ക് നികുതി തിരികെ നൽകേണ്ട സ്ഥിതിയും നിലനിൽക്കുന്നുണ്ട്. ആയതിനാൽ തുടർ വർഷത്തിൽ വസ്തുനികുതിയിൽ കുറവുണ്ടാകുവാനുള്ള സാധ്യതയും നിലനിൽക്കുന്നുണ്ട്.

38 അൺ ഓതറൈസ്ഡ് കെട്ടിടങ്ങൾ ഉള്ളതായി ഗ്രാമപഞ്ചായത്ത് കണക്കാക്കിയിട്ടുണ്ട്. കെട്ടിട ഉടമകൾക്ക് ഗ്രാമപഞ്ചായത്ത് നോട്ടീസ് അയക്കുന്നുണ്ടെന്ന് അധികാരികൾ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- സഞ്ചയ സോഫ്റ്റ്‌വെയറിൽ കടന്നു കൂടിയിട്ടുള്ള അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.
- നികുതിയുടെ പരിധിയിൽ വരുന്ന എല്ലാ കെട്ടിടങ്ങളുടേയും നികുതി നിർണ്ണയിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- ക്രമവൽക്കരിക്കുവാൻ സാധ്യമായ അൺ ഓതറൈസ്ഡ് കെട്ടിടങ്ങളെല്ലാം അടിയന്തിരമായി ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം

ഗ്രാമപഞ്ചായത്ത് പരിധിയിൽ 4 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം. | വാർഡിന്റെ പേര് | ടവറിന്റെ ഉടമ | ഇൻസ്റ്റലേഷൻ നടത്തിയ വർഷം | ടവർ നമ്പർ | നിർണ്ണയിച്ച വസ്തു നികുതി | കുടിശ്ശികയുടെ വിവരം |
|---|---|---|---|---|---|---|---|
| 1 | 6 | പ്ലാപ്പള്ളി | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | ലഭ്യമല്ല | 6/148 | 9630 | 2014-15 മുതൽ |
| 2 | 12 | കല്ലുകുട്ടിയാൽ | | | 12/136 | 8625 | 2014-15 മുതൽ |
| 3 | 4 | എരുമക്കലോട് | | | 4/210 | 6358 | 2014-15 മുതൽ |
| 4 | 12 | കല്ലുകുട്ടിയാൽ | | | 12/221 | 4725 | 2013-14 മുതൽ |

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനത്തിൽ വർദ്ധനവു വരുത്തുന്നതിനായി മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-3 പരസ്യനികുതി പിരിവ് നിയമാനുസൃതമാക്കി പിരിവ് കാര്യക്ഷമമാക്കണം

ഗ്രാമപഞ്ചായത്തിലെ പരസ്യ നികുതി പിരിച്ചെടുക്കുന്നതിനായി കുത്തകപ്പാട്ടം നൽകുന്നതിനായി ലേലം ചെയ്തയിനത്തിൽ 10500/- രൂപ ഓഡിറ്റ് വർഷത്തിൽ വരവുള്ളതായി രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രശീതി നം./ | തുക | പരസ്യ നികുതി പിരിക്കുവാൻ |
|---|---|---|

| തിയതി | | ചുമതലയുള്ള വ്യക്തി |
|---|---|---|
| 11508103372/ 31.03.2015 | 10500 | ശ്രീ.ഹരിദാസ് മേനോൻ |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ച് വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഓരോ വർഷവും പരസ്യനികുതി പിരിച്ചെടുക്കുവാൻ ലേലം ചെയ്യുകയും ലേലക്കാരൻ ഒറ്റതവണയായി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന രീതിയാണ് തുടർന്നുവരുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലറിലൂടെ ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകബൈലോ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ബൈലോയുടെ അടിസ്ഥാനത്തിലല്ല പരസ്യ നികുതി ഈടാക്കിവരുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കുവാനും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-4 നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാതെ പെട്രോൾ പമ്പുകൾക്ക് ഡി&ഓ ലൈസൻസ് അനുവദിച്ചിരിക്കുന്നു.

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും എൻ.എസ് ഫ്യുവൽസ് എന്ന സ്ഥാപനത്തിന് പെട്രോൾപമ്പ് നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ഉടമസ്ഥൻ | രശീതി നം./ തീയതി |
|---|---|---|
| എൻ.എസ്. ഫ്യുവൽസ്, പൊൽപ്പുള്ളി | ശ്രീ.ഗിരീഷ് കുമാർ | 11408104225/ 28-2-2015 |

പെട്രോളിയം & എക്സ്പ്ലോസീവ് ലൈസൻസ്, ഫയർഫോഴ്സിൽ നിന്നുള്ള N.O.C, കൈവശാവകാശ രേഖ, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം മുതലായവയൊന്നും തന്നെ ഹാജരാക്കിയില്ല. ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നുള്ള സാനിറ്ററി സർട്ടിഫിക്കറ്റ് മാത്രമാണ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ളത്.

മറ്റു വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഉറപ്പു വരുത്തിയതിനു ശേഷം മാത്രം ലൈസൻസ് പുതുക്കി നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതിന് ഇതേ സ്ഥാപനത്തിന്റെ

കാര്യത്തിൽ മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ വീഴ്ചവരുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനം വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള വിതരണ സംവിധാനം നാല് വിഭാഗങ്ങളായി തിരിക്കാവുന്നതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറിക്കിട്ടിയ ധർമ്മനഗർ കുടിവെള്ള പദ്ധതി

2. പൊതു ടാപ്പുകൾ മാത്രമുള്ള 31 ചെറു കുടിവെള്ള പദ്ധതികൾ

3. ജല അതോറിറ്റിയുടെ കീഴിലുള്ള 48 പൊതു കുടിവെള്ള ടാപ്പുകൾ

4. ജല അതോറിറ്റിയുടെ കീഴിലുള്ള കൊടുമ്പ് കുടിവെള്ള വിതരണ പദ്ധതി.

മേൽ സംവിധാനങ്ങളുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വൻതുക ഓരോ വർഷവും ചെലവഴിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ധർമ്മനഗർ കുടവെള്ള പദ്ധതി-പഞ്ചായത്തിന് കൈമാറിക്കിട്ടിയത്

ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്ന ഈ പദ്ധതിയുടെ കീഴിൽ 302 ഗാർഹിക കണക്ഷനുകളും 6 ഗാർഹികേതര കണക്ഷനുകളും നിലവിലുണ്ട്. ഗാർഹിക ഉപഭോക്താക്കളിൽ നിന്നും 50 രൂപയും മറ്റുള്ളവരിൽ നിന്നും 80 രൂപയുമാണ് വെള്ളക്കരമായി പ്രതിമാസം ഈടാക്കുന്നത്. ഒരു പമ്പ് ഓപ്പറേറ്ററെ ഗ്രാമപഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. പ്രതിമാസം 4500 രൂപ പമ്പ് ഓപ്പറേറ്റർക്ക് നൽകുന്നുണ്ട്. വൈദ്യുതി ചാർജ്ജ്, റിപ്പയർ ചാർജ്ജ് ഇനങ്ങളിൽ വൻ ചെലവ് വരുന്നുണ്ട്.

ഡിമാന്റ് രജിസ്റ്റർ പ്രകാരം 2015-16 വർഷത്തെ വരവ് 1.32 ലക്ഷം രൂപയും കുടിശ്ശിക 45280 രൂപയുമാണ്. മുൻവർഷങ്ങളിലെ കുടിശ്ശിക 14714 രൂപയുമുണ്ട്.

2. പൊതുടാപ്പുകൾ മാത്രമുള്ള കുടിവെള്ള പദ്ധതികൾ

31 ചെറു കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്നുണ്ടെങ്കിലും ആയവ ഗുണഭോക്തൃസമിതികൾക്ക് കൈമാറി പഞ്ചായത്തിന്റെ ബാധ്യത ഇല്ലാതാക്കുന്നതിനുള്ള ശ്രമം നടത്തിയിട്ടില്ല.

കുടിവെള്ള വിതരണത്തിനായുള്ള ച്ചെലവ്

2015-16 വർഷത്തിൽ ക്രമ നം.1,2 ഉൾപ്പെടെയുള്ള കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിനായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 632527 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 54000 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | 153019 |
| ആകെ | 839546 |

വൈദ്യുതി ചാർജ്ജ് ഒടുക്കുവാൻ തനത് ഫണ്ടും, മെയിന്റനൻസ് ഗ്രാന്റും വിനിയോഗിച്ചിട്ടുണ്ട്.

3. ജല അതോറിറ്റിയുടെ പൊതുടാപ്പുകൾ

ജല അതോറിറ്റിയുടെ കീഴിലുള്ള 48 പൊതു ടാപ്പുകൾക്കായി പ്രതിമാസം 21000 രൂപ ഗ്രാമപഞ്ചായത്ത് ഒടുക്കിവരുന്നുണ്ട്. ഈ ഇനത്തിലെ പ്രതിവർഷ ചെലവ് - 252000 രൂപയാണ്. ജല അതോറിറ്റി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. ആയതിനാൽ വെള്ളം ലഭിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കേണ്ടിവരുന്ന സ്ഥിതിയാണുള്ളത്.

4. കൊട്ടുമ്പ് കുടിവെള്ള പദ്ധതി

ജല അതോറിറ്റി നടപ്പിലാക്കിയിട്ടുള്ള കൊട്ടുമ്പ് കുടിവെള്ള പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ ധാരാളം ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനം ഒരു പരിധിവരെ ശക്തമായ നിലയിലാണുള്ളത്. ഈ കുടിവെള്ള പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് തുകയൊന്നും ചെലവഴിക്കുന്നില്ല.

വെള്ളക്കരം ഇനത്തിലെ വരവ് കുറവും പ്രവർത്തനച്ചെലവ് വളരെ കൂടുതലുമാണെന്ന് മേൽകണക്കുകളിൽനിന്ന് വ്യക്തമാണ്. ഇത് പഞ്ചായത്തിന്റെ ധനസ്ഥിതിയെ കാര്യമായി ബാധിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം നിലവിൽ ശുഷ്കമായ നിലയിലാണുള്ളത്. പരിമിതമായ വരവു സ്രോതസ്സുകളുള്ള ഗ്രാമപഞ്ചായത്തിന്റെ ആവർത്തനച്ചലവുകൾ കുറയ്ക്കുന്നതിനുള്ള ശ്രമം നടത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ താഴെ പറയും പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന സ.ഉ(സാ)നം. 1275/2009/ ത.സ്വ.ഭ.വ തിയതി 30-5-2009 ലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

2. ജല അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി സംയുക്തപരിശോധന നടത്തി കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്.

3. പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളേക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് (ജലനിധി മാതൃക) മുൻഗണന നൽകേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖകളിൽ നിർദ്ദേശിച്ചിട്ടും അത്തരം പദ്ധതികൾ ഒന്നും

ഏറ്റെടുത്തിട്ടില്ല. 2016-17 വർഷത്തേക്കുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(എം.എസ്)നം. 4/2016 /ത.സ്വ.ഭ.വ തിയതി 11-1-2016 ലെ ഖണ്ഡിക 11.8 ൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖ അനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

4. ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ഒരു പ്രദേശത്തെ എല്ലാവർക്കും കുടിവെള്ളം ലഭ്യമായെന്ന് ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കേണ്ടതാണ്.

5. ധർമ്മനഗർ കുടിവെള്ളപദ്ധതി കൈമാറുന്നതുവരെ വെള്ളക്കരം കാലാനുസൃതമായി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

6. വെള്ളക്കരം കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്. കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. കൊട്ടമ്പ് കുടിവെള്ള വിതരണ പദ്ധതിയുടെ കീഴിലുള്ള കുടിവെള്ള വിതരണ സംവിധാനം വിലയിരുത്തിയതിനുശേഷം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പൊതുടാപ്പുകൾ മാത്രമുള്ള കുടിവെള്ള പദ്ധതികൾ നിർത്തലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

മേൽ വിഷയം ചർച്ചചെയ്ത് ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-2** തെരുവുവിളക്കുകൾക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങുന്നതിനുമുമ്പായി ആവശ്യകത വിലയിരുത്തുന്നില്ല

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന തെരുവുവിളക്കുകളാണ് നിലവിലുള്ളത്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | സാധാരണ ലാമ്പ് - 40 W | 14 |
| 2 | സി.എഫ്.എൽ - 2*11W | 349 |
| 3 | ട്യൂബ് ലൈറ്റ് - 2*40 W | 63 |
| 4 | ട്യൂബ് ലൈറ്റ് - 1*40 W | 118 |
| 5 | സോഡിയം വേപ്പർ ലാമ്പ് - 250 W | 9 |
| ആകെ | | 553 |

2/2016 വരെ 24476 രൂപയായിരുന്ന പ്രതിമാസ വൈദ്യുതിചാർജ്ജ് മീറ്ററിംഗ് സമ്പ്രദായം

ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 3/2016 മുതൽ ശരാശരി 15000 രൂപയായി കുറഞ്ഞിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്.

പ്രതിമാസ വൈദ്യുതി ചാർജ്ജ് കുറവായിട്ടുണ്ടെങ്കിലും അറ്റകുറ്റപണികൾക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങിയതിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സാമഗ്രികളുടെ വാങ്ങലിനും അറ്റകുറ്റപണികൾക്കുമായി ആവിഷ്കരിച്ച പ്രൊജക്ടുകളുടെ വിവരം

1. പ്രൊ.നം. 16/16 (തെരുവു വിളക്ക് മെയ്ന്റനൻസ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 78719 (എം.ജി-നോൺ റോഡ്)

ചെലവ് - 50677

1. ബിൽ നം. 1/8-7-15 - 41727

2. 2/29-8-15 - 8950

ക്രൂസ് എന്ന ഏജൻസിയിൽ നിന്നും 40 വാട്ടിന്റെ 100 ട്യൂബ് ലൈറ്റുകൾ, 11 വാട്ടിന്റെ 150 സി.എഫ്.എൽ, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങിയിട്ടുണ്ട്.

2. പ്രൊ.നം. 57/16 (തെരുവുവിളക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 300000 (എം.ജി-നോൺ റോഡ്)

ചെലവ് - 244201

1. ബിൽ നം. 16/12-10-15 - 58679 (ക്രൂസിന് നൽകിയത്)

2. ബിൽ നം. 17/12-10-15 - 35337 (ക്രൂസിന് നൽകിയത്)

3. ബിൽ നം. 44/26-3-16 - 56285 (ക്രൂസിന് നൽകിയത്)

4. ബിൽ നം. 26/24-2-16 - 93900 (അറ്റകുറ്റപണികൾക്കായി നൽകിയത്)

40 വാട്ടിന്റെ 100 ട്യൂബ് ലൈറ്റുകൾ, 11 വാട്ടിന്റെ 350 സി.എഫ്.എൽ, അനുബന്ധ സാമഗ്രികൾ എന്നിവ 150301 രൂപയ്ക്ക് ക്രൂസിൽ നിന്നും വാങ്ങിയിട്ടുണ്ട്.

ആകെ വാങ്ങിയ ലാമ്പുകൾ

സി.എഫ്.എൽ - 11 W- 500 എണ്ണം

ട്യൂബ് 40 W - 300 എണ്ണം

സ്റ്റോക്ക് വിവരം കൃത്യമല്ല

സാധന സാമഗ്രികൾ തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപണി ഏറ്റെടുത്ത കരാറുകാരൻ കൈമാറുന്ന രീതിയാണ് തുടർന്നുവരുന്നത്. സ്റ്റോക്ക് രജിസ്റ്ററിന്റെ പരിശോധനയിൽ താഴെ പറയുന്ന സാമഗ്രികൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ലെന്ന് കണ്ടെത്തി.

ബിൽ നം. 44/26-3-16 - 56285 രൂപ (പ്രൊ.നം. 57/16 പ്രകാരം)

സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 83

1. ട്യൂബ് 40 W – 200

2. സി.എഫ്.എൽ 11 W – 100

3. കോപ്പർ ബാറ്ററി - 40

4. 22 W സി.എഫ്.എൽ ഇലക്ട്രോണിക് ബല്ലാസ്റ്റ് - 75

5. സ്റ്റാർട്ടർ - 200

മേൽ സാമഗ്രികൾ വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഭൗതികപരിശോധയുടെ വിവരം

അറ്റകുറ്റപണികൾക്കായി വാങ്ങിയ ധാരാളം സാമഗ്രികൾ ഗ്രാമപഞ്ചായത്തിൽ ഉപയോഗപ്പെടുത്താതെ സൂക്ഷിച്ചിട്ടുള്ളതായി പ്രാദേശിക പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | സി.എഫ്.എൽ - 11W | 200 |
| 4 | ട്യൂബ് ലൈറ്റ് - 1*40 W | 100 |
| 3 | സ്റ്റാർട്ടർ | 120 |
| 4 | ഹോൾഡർ | 50 |
| 5 | ചോക്ക് | 20 |

വാങ്ങലുകൾ നടത്തുന്നതിനുമുമ്പായി ആവശ്യകത വിലയിരുത്തിയതായി കാണുന്നില്ല. ആയതിനാലാണ് മേൽപറഞ്ഞ പ്രകാരം സാമഗ്രികൾ കെട്ടികിടക്കുന്ന സ്ഥിതി ഉണ്ടായിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ആവശ്യകത വിലയിരുത്തിമാത്രം വാങ്ങലുകൾ നടത്തേണ്ടതാണെന്ന പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ പ്രാഥമിക നിബന്ധന പാലിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ അറ്റകുറ്റപണി നടത്തിയ കരാറുകാരന്റെ ബില്ലിൽ നിന്നും ആദായനികുതി ഈടാക്കി ഒടുക്കിയില്ല

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവുവിളക്കകകളുടെ അറ്റകുറ്റപണിയുടെ കരാർ ഏറ്റെടുത്തിടുത്തിരുന്ന ശ്രീ.വേൽമുരുകൻ, ഈശ്വരി ഇലക്ട്രിക്കൽസ് എന്നയാൾക്ക്

തൻവർഷം 93900 രൂപ പ്രൊജക്റ്റ് നം. 57/16 പ്രകാരം അനുവദിച്ചിട്ടുണ്ട്.

ബിൽ നം. 26/24-2-16 - 93900

രേഖകൾ പരിശോധിച്ചതിൽ കരാറുകാരന്റെ ബില്ലിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 1% ആദായനികുതി ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. ആയതിനാൽ ഈ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 939 രൂപ ഈടാക്കി കേന്ദ്രസർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ള തെരുവുവിളക്കുകളും അനുബന്ധ സാമഗ്രികളും ഉപയോഗപ്പെടുത്തുന്നതുവരെ പുതിയവ വാങ്ങാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. സ്റ്റോക്ക് രജിസ്റ്ററിൽ വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ലാത്തതിനാലും വാങ്ങിയ സാമഗ്രികൾ വിതരണം ചെയ്യാതിരുന്നതിനാലും ബിൽ നം. 44/26-3-16 പ്രകാരം ചെലവഴിച്ച 56285 രൂപ തടസ്സത്തിൽ വെക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.
3. അറ്റകുറ്റപണികൾ നടത്തിയ കരാറുകാരനിൽ നിന്നും ഈടാക്കുവാൻ വിട്ടുപോയ ആദായനികുതി 939 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി കേന്ദ്രഫണ്ടിൽ ഒടുക്കേണ്ടതാണ്.
4. ആവശ്യകത വിലയിരുത്തി മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-3 വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമായില്ല

1. എസ്.എസ്. എ വിഹിതം നൽകിയതിന് വിനിയോഗ രേഖകൾ ലഭ്യമായില്ല

പ്രൊ.നം. 5/16-എസ്.എസ്.എ വിഹിതം

അടങ്കൽ - 258635

ചെലവ് - 258635

ബിൽ നം.15/28-10-2015

ഡി.ഡി. നം. 424469/6-11-2015

എസ്.എസ്.എയുടെ പഞ്ചായത്ത് വിഹിതമായി ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. എ.ബി.സി പ്രോഗ്രാമിന് ജില്ലാ പഞ്ചായത്തിലേക്ക് നൽകിയ തുകയുടെ വിനിയോഗരേഖകൾ ലഭ്യമായില്ല

പ്രൊ.നം. 136/16- എ.ബി.സി പ്രോഗ്രാം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 350000

ചെലവ് - 350000

ബിൽ നം.31/12-3-2015

ഡി.ഡി. നം. 136035/22-3-2016

തെരുവുനായ്ക്കളുടെ വന്ധ്യംകരണം ലക്ഷ്യമിട്ട് പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന എ.ബി.സി പ്രോഗ്രാമിന്റെ പഞ്ചായത്ത് വിഹിതമായി 350000 രൂപ വകയിരുത്തി പ്രൊജക്റ്റ് ആവിഷ്കരിക്കുവാൻ 17-8-2015 ലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശം പരിഗണിച്ച് പ്രൊജക്റ്റ് ആവിഷ്കരിക്കുകയും 350000 രൂപ ജില്ലാ പഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ നടത്തിപ്പ് വിവരവും തുകയുടെ വിനിയോഗരേഖകളും പഞ്ചായത്തിൽ ലഭ്യമായിട്ടില്ല.
മേൽ തുകകളുടെ വിനിയോഗരേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-4 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്കായി ആവഷ്കരിച്ച പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ

പ്രൊ.നം. 106/16-വയോജനക്ഷേമ പ്രവർത്തനങ്ങൾ നടത്തൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അടങ്കൽ - 45000 (എസ്.സി.പി)

ചെലവ് - 45000

ബിൽ നം. 8/19-10-2015 – 45000 രൂപ

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് മെഡിക്കൽ ക്യാമ്പ് നടത്തി സൗജന്യ മരുന്ന് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിക്കപ്പെട്ട പ്രൊജക്റ്റ് പ്രകാരം 45000 രൂപ ചെലവഴിച്ചിട്ടുണ്ട്.

16-9-2015 തിയതിയിൽ 12 വിദഗ്ധ ഡോക്ടർമാരുടെ നേതൃത്തിൽ ക്യാമ്പ് നടത്തുകയും രോഗികളെ കണ്ടെത്തുകയും പിന്നീട് പി.എച്ച്.സിയിലെ ഓ.പി വിഭാഗം മുഖേന മരുന്ന് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഡോക്ടർമാരുടെ ഓണറേറിയം | 10000 |
| വാഹന വാടക | 3000 |
| നോട്ടീസ്, ബാനർ | 2000 |
| മരുന്ന് | 30000 |
| ആകെ | 45000 |

ബിൽ നം. 1558/19-9-2015 ലെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മെഡിക്കൽ സ്റ്റോറിൽ

നിന്നും 31 ഇനം മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം.362/13/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച സബ്സ്ഡി മാർഗ്ഗരേഖ യിലെ ഖണ്ഡിക 7.4 പ്രകാരം വൃദ്ധർക്ക് മരുന്ന് കിറ്റ് നൽകുവാനുള്ള പ്രൊകജ്റ്റ് ഏറ്റെടുക്കാവുന്നതല്ല. സമഗ്ര ആരോഗ്യ പരിപാടിയിൻ കീഴിൽ ഹെൽത്ത് സെന്റർ വഴി രോഗപ്രതിരോധ മരുന്നുകൾ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.7 പ്രകാരം വിദൂര പ്രദേശങ്ങളിലെ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ മാത്രമാണ് മെഡിക്കൽ ക്യാമ്പുകൾ നടത്താവുന്നത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കാണ് മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടുള്ളത്.

എസ്.സി.പി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രൊജക്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. രേഖകൾ പരിശോധിച്ചതിൽ മെഡിക്കൽ ക്യാമ്പിൽ എല്ലാ വിഭാഗം ജനങ്ങളും പങ്കുത്തിട്ടുണ്ടെന്നും, പ്രായഭേദമന്യേ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.
വയോജനക്ഷേമ പ്രവർത്തനങ്ങൾ നടത്തൽ - മെഡിക്കൽ ക്യാംപിൽ പങ്കെടുത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പങ്കെടുത്തവരുടെ വയസ് | എണ്ണം |
|---|---|
| 1 – 15 | 19 |
| 16 – 50 | 124 |
| 50 ന മുകളിൽ | 298 |
| ആകെ | 441 |

32 ശതമാനം പേർ വയോജനങ്ങളല്ലെന്ന് മേൽപട്ടികയിൽ നിന്നും വ്യക്തമാണ്. മരുന്നുകൾ വിതരണം ചെയ്തിട്ടുള്ളത് പി.എച്ച്.സിയിലെ ഓ.പി വിഭാഗം മുഖേനയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമല്ലാതെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും മരുന്നുകൾ നൽകിയിട്ടുണ്ടെന്ന് സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും വ്യക്തമാണ്. എസ്.സി.പി ഫണ്ട് വകമാറ്റിയതിനാലും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയതിനാലും 45000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-5 ആയുർവേദ ഡിസ്പെൻസറിക്ക് സ്റ്റേഷണറി സാധനങ്ങൾ വാങ്ങുവാൻ വികസനഫണ്ട് ചെലവഴിച്ചു

പ്രൊജക്റ്റ് നം. 121/16

അടങ്കൽ - 10000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 5910

ബിൽ നം. 2/28-3-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(ആയുർവേദം)

2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആയുർവേദ ഡിസ്പെൻസറിക്ക് സ്റ്റേഷണറി സാധനങ്ങൾ വാങ്ങുവാനായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി പ്രൊജക്റ്റ് ആവിഷ്കരിക്കുകയും 5910 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തിയതി | തുക | ഇനം |
|---|---|---|---|
| 1 | 3767/17-3-2016 | 680 | ടവൽ മുതലായവ |
| 2 | 17/13-2-2016 | 200 | പോളിമർ സ്റ്റാംപ് |
| 3 | 16169/16-3-2016 | 418.99 | ടോർച്ച് |
| 4 | B021273/16-3-2016 | 2613 | സ്റ്റാംപ് പാഡ്, കത്രിക, ബൈന്റർ ക്ലിപ്, സ്റ്റാപ്ലർ മുതലായവ |
| 5 | 163/തിയതി ഇല്ല | 2000 | ഒ.പി ടിക്കറ്റ് ബുക്ക് 58 എണ്ണം |
| ആകെ | | 5911.99<br>=5910 | |

സ.ഉ(എം.എസ്)നം.330/2004/ത.സ്വ.ഭ.വ തിയതി 9-12-2014 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾക്ക് ജനറൽ പർപ്പസ് ഗ്രാന്റാണ് വിനിയോഗിക്കാവുന്നത്. ഉൽപാദനപരമല്ലാത്ത കാര്യങ്ങൾക്കായി വികസനഫണ്ട് വകയിരുത്തി ചെലവഴിച്ചത് ക്രമപ്രകാരമല്ല. വകമാറ്റിയ തുക ജനറൽപർപ്പസ് ഫണ്ടിൽ നിന്നും പിൻവലിച്ച് സർക്കാരിലേക്ക് തിരിച്ചടക്കുന്നതുവരെ 5910 രൂപ തടസ്സവാദത്തിൽ വെക്കുന്നു.

## 3-6 അങ്കണവാടികൾക്ക് രജിസ്റ്ററുകൾ, സ്റ്റേഷനറി സാധനങ്ങൾ വാങ്ങുവാൻ വികസനഫണ്ട് വകമാറ്റി ചെലവഴിച്ചു

പ്രൊജക്റ്റ് നം. 42/16-അങ്കണവാടികൾക്ക് രജിസ്റ്ററുകൾ, സ്റ്റേഷനറി സാധനങ്ങൾ വാങ്ങൽ

അടങ്കൽ - 10500 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 5955 രൂപ

ബിൽ നം. 6/27-1-2016

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടികൾക്ക് രജിസ്റ്ററുകൾ, സ്റ്റേഷനറി സാധനങ്ങൾ എന്നിവ വാങ്ങുന്നതിനായി വികസന ഫണ്ട് വകയിരുത്തി പ്രൊജക്റ്റ് ആവിഷ്കരിക്കുകയും 5955 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സ.ഉ(എം.എസ്)നം.330/2004/ത.സ്വ.ഭ.വ തിയതി 9-12-2014 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾക്ക് ജനറൽ പർപ്പസ് ഗ്രാന്റാണ് വിനിയോഗിക്കാവുന്നത്. ഉൽപാദനപരമല്ലാത്ത കാര്യങ്ങൾക്കായി വികസനഫണ്ട് വകയിരുത്തി തുക ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. വകമാറ്റി ചെലവഴിച്ച തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പിൻവലിച്ച് സർക്കാരിലേക്ക് തിരിച്ചടക്കുന്നതുവരെ 5955 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 3-7 ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കണം

മെഡിക്കൽ ഓഫീസർ(ഹോമിയോ) ഹാജരാക്കിയ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. തുക മുൻകൂർ നൽകിയെങ്കിലും ഹോമിയോ ഡിസ്പൻസറിയിക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമായില്ല

പ്രൊജക്റ്റ് നം. - 11/2016-മരുന്ന് വാങ്ങൽ

അടങ്കൽ - 100000 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)

ചെലവ് - 100000

ബിൽ നം. - 1/6-2-2016

ഡി.ഡി നം - 130512/6-2-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ(ഹോമിയോ)

2015-16 സാമ്പത്തിക വർഷത്തിൽ ഹോമിയോ ഡിസ്പൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴയ്ക്ക് 1,00,000/- രൂപയുടെ ഡി.ഡി അയച്ച് അയച്ചുകൊടുത്തിട്ടുണ്ട്. 12/2015 ലെ സ്റ്റോക്ക് ഇൻവോയ്സ് പ്രകാരം 31 ഇനങ്ങളാണ് ആവശ്യപ്പെട്ടിരുന്നത് (നം. PF-915/7-12-2015). എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് ബോധ്യപ്പെട്ടു. 2014-15 സാമ്പത്തിക വർഷത്തിലെ മരുന്നുകൾ 12/2015 നാണ് ലഭ്യമായിട്ടുള്ളത്. മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നത് അഭികാമ്യമല്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ഇടപെടൽ ആവശ്യപ്പെടുന്നു. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. മരുന്നുകൾ മറ്റൊരു സ്ഥാപനത്തിലേക്ക് മാറ്റിയത് ക്രമപ്രകാരമല്ല

9-11-2014 ന് ചിറ്റൂർ-തത്തമംഗലം ഗവ.ഹോമിയോ ഡിസ്പൻസറിയിലേക്ക് 11 ഇനം മരുന്നുകൾ കൈമാറിയിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മരുന്നുകൾ കൈമാറുന്നതിനു മുമ്പായി ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ മരുന്നുകൾ തിരികെ ലഭ്യമാക്കിയിട്ടുമില്ല. കൈമാറ്റം ചെയ്ത മരുന്നുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | മരുന്ന് | അളവ് | സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നം. | ഇഷ്യൂ ചെയ്ത തിയതി |
|---|---|---|---|---|
| 1 | Allium Sativa | 2*100ml | 13 | 9-11-2014 |
| 2 | Aspido sperma | 1*100ml | 29 | |
| 3 | Aralia | 1*100ml | 19 | |
| 4 | Cephalandra | 1*100ml | 69 | |
| 5 | Lobelia | 2*100ml | 145 | |
| 6 | Rauwolfia | 1*100ml | 170 | |
| 7 | Sambuccus | 300ml | 184 | |
| 8 | Calc phos 6x | 1*500gm | 249 | |
| 9 | Ferrum phos 6x | 1*500gm | 257 | |
| 10 | Kalimur 6x | 1*500gm | 261 | |
| 11 | Silicea 6x | 1*500gm | 287 | |

ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിനായി ലഭ്യമാക്കിയ മരുന്നുകൾ മറ്റൊരു സ്ഥാപനത്തിന് കൈമാറിയത് ക്രമപ്രകാരമല്ല. ഇത്തരം നടപടികൾ സ്വീകരിക്കുമ്പോൾ ഭരണസമിതിയുടെ

അനുമതി ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ അടിയന്തിരമായി തിരികെ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 കുടുംബശ്രീ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള വികസന ഫണ്ട് തിരിച്ചടക്കേണ്ടതാണ്

ജില്ലാ പഞ്ചായത്തിൽനിന്നും ഗ്രാമപഞ്ചായത്തിൽനിന്നും വിവിധ വർഷങ്ങളിൽ പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം വാങ്ങൽ, ഭവന നിർമ്മാണം തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിനായി കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറിയ വികസനഫണ്ടിൽ 521900 രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ലെന്ന് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുകകളുടെ നീക്കിയിരിപ്പിന്റെ വർഷം തിരിച്ചുള്ള കണക്ക് കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കാത്ത സ്ഥിതിയുണ്ട്.

അക്കൗണ്ട് നം. 2587, പി.എസ്.സി.ബി

ചെലവഴിക്കാതെ അവശേഷിക്കുന്ന വികസനഫണ്ടിന്റെ കൃത്യത പരിശോധിച്ച് അവശേഷിക്കുന്ന വികസനഫണ്ട് സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സമൂഹത്തിലെ അവശത അനുഭവിക്കുന്ന വിഭാഗക്കാർക്കായി അനുവദിക്കുന്ന വികസനഫണ്ട് ഉചിതമായ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-9 വിവിധ കെട്ടിടങ്ങളുടെ റൂഫിംഗിനായി ഉപയോഗിച്ച ജി.ഐ ഷീറ്റിന് അധിക നിരക്ക് അനുവദിച്ചു-115524 രൂപയുടെ നഷ്ടം

2014-15 വർഷത്തിൽ വിഭാവനം ചെയ്യുകയും 2015-16 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്ത വിവിധ കെട്ടിടങ്ങളുടെ നവീകരണ പ്രവൃത്തികളിൽ 0.5mm ജി.ഐ ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. ഡി.എസ്.ആർ 2014 ലെ കോഡ് 12.5 അനുസരിച്ച് 1.36 കോസ്റ്റ് ഇൻഡക്സും 10% ലാഭവിഹിതവും 5% ഓവർഹെഡ് ചാർജ്ജും ഉൾപ്പെടെ ചതുരശ്രമീറ്ററിന് 836.88 രൂപ നിരക്ക് അനുവദിച്ചിരുന്നു. ബില്ലിലും, അളവു പുസ്തകത്തിലും 0.5 mm ജി.ഐ ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസി. എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ 0.35 mm ഷീറ്റുകളാണ് പ്രവൃത്തികൾക്ക് ഉപയോഗിച്ചിട്ടുള്ളതെന്ന് കണ്ടെത്തി. ഷീറ്റുകളിൽതന്നെ 0.35mm എന്ന് പ്രിന്റ് ചെയ്തിട്ടുള്ളതായും കണ്ടു. ബിൽതുക അനുവദിച്ചപ്പോൾ 0.5mm ഷീറ്റിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിനാൽ കരാറുകാരന് അധികതുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

| ക്രമ നം. | പ്രവൃത്തി മൂല്യം, ബിൽ നം., തിയതി | ജി.ഐ ഷീറ്റ് | | | | | |
|---|---|---|---|---|---|---|---|
| | | ഷീറ്റിന്റെ അളവ് $m^2$ | അനുവദിച്ച നിരക്ക് (.5 mm) | നൽകിയ തുക | അനുവദനീയമായ നിരക്ക് (.35 mm) | അനുവദി ക്കാവുന്ന തുക | അധികം അനുവദിച്ച തുക |
| 1 | 149/15(25/16)-പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് വിപുലീകരണം<br>എസ്റ്റിമേറ്റ് - 112475<br>ഫണ്ട് - KLGSDP<br>കരാറുകാരൻ - ശ്രീ. എ.സുരേഷ്കുമാർ<br>എഗ്രിമെന്റ് നം. - 3/22-12-2014<br>അളവു പുസ്തകം നം. 42/14-15 | | | | | | |
| | 112475<br>1/28-7-2015 | ഇനം.5<br>39.44 | 836.88 | 33006.54 | 543 | 21415.92 | 11590.62 |
| 2 | 156/15(26/16)-പി.എച്ച്.സി നവീകരണം<br>എസ്റ്റിമേറ്റ് - 226000<br>ഫണ്ട് - സി.എഫ്.സി<br>കരാറുകാരൻ - ശ്രീ. എ.സുരേഷ് കുമാർ<br>എഗ്രിമെന്റ് നം. - 4/22-12-2014<br>അളവു പുസ്തകം നം. 150/14-15 | | | | | | |
| | 226000<br>2/28-7-2015 | ഇനം.5<br>157.75 | 836.88 | 132017.82 | 543 | 85658.25 | 46359.57 |
| 3 | 166/15(28/16)-പഞ്ചായത്ത് കെട്ടിടം പുനരുദ്ധാരണം<br>എസ്റ്റിമേറ്റ് - 800000<br>ഫണ്ട് - KLGSDP<br>കരാറുകാരൻ - ശ്രീ. വി.രാജേഷ് | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | എഗ്രിമെന്റ് നം. - 63/22-1-2015<br>അളവ് പുസ്തകം നം. 260/14-15 | | | | | | |
| | 591387<br>(പാർട്ട് ബിൽ)<br>5/18-9-2015 | ഇനം.9<br>122.44 | 836.88 | 102467.58 | 543 | 66484.92 | 35982.66 |
| 4 | 68/16-പി.എച്ച്.സി സൗകര്യം മെച്ചപ്പെടുത്തൽ<br>എസ്റ്റിമേറ്റ് - 160000<br>ഫണ്ട് - എം.ജി-നോൺ റോഡ്<br>കരാറുകാരൻ - ശ്രീ. ബാല ഗംഗാധരൻ<br>എഗ്രിമെന്റ് നം. -47/7-1 -2016<br>അളവ് പുസ്തകം നം. 210/15-16 | | | | | | |
| | 139605<br>72/31-3-2016 | ഇനം.11<br>71.25 | 847.10 | 60355.88 | 544.06 | 38764.28 | 21591.61 |
| ആകെ | | | | 327847.82 | | 212323.37 | 115524.45<br>=115524 |

അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി 0.5mm ജി.ഐ ഷീറ്റിനു പകരം 0.35mm ഷീറ്റാണ് സ്ഥാപിച്ചതെങ്കിലും ബില്ലിൽ നിന്നും ആനുപാതിക കുറവ് വരുത്താതിരുന്നതുമൂലം 115524 രൂപയുടെ നഷ്ടം പൊതുഫണ്ടിന് ഉണ്ടായിട്ടുണ്ട്. അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. കരാറുകാരിൽ നിന്നും തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 4/3-11-2016, 10/6-11-2016 എന്നിവയ്ക്കുള്ള മറുപടിയിൽ കരാറുകാർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്- പൊതുവായ നിരീക്ഷണങ്ങൾ

എ). എഗ്രിമെന്റ് വ്യവസ്ഥകൾ 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കിയിട്ടില്ല

സ.ഉ (പി) 13/2012/PWD തിയതി 1-2-2012 പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പുതുക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ ടെണ്ടർ ലഭിച്ച കരാറുകാരുമായി ഏർപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ മാന്വലിലെ നിബന്ധനകൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. ആയതിനാൽ കാലഹരണപ്പെട്ട പല വ്യവസ്ഥകളും കരാറിൽ ഉൾപ്പെട്ടിട്ടുണ്ട്. എഗ്രിമെന്റ് വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി). 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പു ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം എന്ന നിബന്ധന പാലിക്കുന്നില്ല. ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം. ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സി). ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടറിന് ഇഷ്യു ചെയ്യുന്ന ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ടെണ്ടർ ചെയ്യപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെണ്ടർ ഫോറത്തിന് 300 മുതൽ 15000 രൂപവരെ മൂല്യമുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാത്തത് സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുന്നതാണ്. ടെണ്ടർ ഫോറം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്ന സെക്രട്ടറിയും ടെണ്ടർ ഫോറം തയ്യാറാക്കി കരാറുകാർക്ക് വിതരണം ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയറും ടെണ്ടർ ഫോറങ്ങളുടെ റസീപ്റ്റ്, ഇഷ്യു, ബാലൻസ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അനധികൃതമായി ടെണ്ടർ ഫോറങ്ങൾ വില്പന നടത്തിയിട്ടുണ്ടോ എന്നും ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടുണ്ടോ എന്നും പരിശോധിക്കാൻ കഴിയുന്നതരത്തിൽ രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-11 ആശ്രയ പദ്ധതി - അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) നം.71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം.എസ്)നം.362/2013/ ത.സ്വ.ഭ.വ തിയതി 16.11.2013 പ്രകാരം

അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപ്പിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് ആശ്രയ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ സംക്ഷിപ്തവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ഒന്നാം ഘട്ടം 2004-09 | | രണ്ടാം ഘട്ടം 2014-17 | |
|---|---|---|---|---|---|
| | | ആവശ്യമുള്ളത് | ലഭ്യമാക്കിയത് | ആവശ്യമുള്ളത് | ലഭ്യമാക്കിയത് |
| 1 | വീട് ആവശ്യമുള്ളവർ | 48 | 35 | 10 | 1 |
| 2 | വീട് വെക്കുവാൻ സ്ഥലം ആവശ്യമുള്ളവർ | 17 | 3 | 6 | - |
| 3 | വീട് റിപ്പയർ ആവശ്യമുള്ളവർ | 22 | - | 10 | - |
| 4 | കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | - | - | - | - |
| 5 | കക്കൂസ് ആവശ്യമുള്ളവർ | 18 | 18 | 10 | 10 |
| 8 | കറണ്ട് കണക്ഷൻ ആവശ്യമുള്ളവർ | - | - | - | - |

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട ലിസ്റ്റിൽ 300 ഉം രണ്ടാം ഘട്ട ലിസ്റ്റിൽ 205 ഉം അഗതികളാണ് ഉള്ളത്. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പട്ടികയിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ മാത്രമാണ് ആണ് നൽകിയിട്ടുള്ളത്. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് തുടർന്നുവരുന്നുണ്ട്. ആശ്യ രണ്ടാം ഘട്ടം 2017 ൽ അവസാനിക്കാനിരിക്കെ പരിമിതമായ ആനുകൂല്യങ്ങൾ മാത്രമാണ് ഗുണഭോക്താക്കൾക്ക ലഭ്യമാക്കിയിട്ടുള്ളത്. അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 1162740 | ഉഴവുകൂലി | 0 | 1162740 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുകയൊന്നും കൈമാറിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ | രശീത് നമ്പർ തിയ്യതി | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | പ്പേരും | | |
| 2008-09 | 3-3 | 4797 | ശ്രീമതി.വനജ.എം, അസി.എഞ്ചിനിയർ | 11508101697/ 19-12-2015 | |
| 2008-09 | 3-4 | 4802 | ശ്രീമതി.വനജ.എം, അസി.എഞ്ചിനിയർ | 1150810016698/ 19-12-2015 | |
| 2011-12 | 3-7(23)(2) | 6940 | ശ്രീ.അജിതി.കെ, സെക്രട്ടറി | 11508100887/ 5-8-2015 | ആദായ നികുതി |
| 2012-13 | 3-3(1) | 5084 | ശ്രീമതി.സജ്ന.ആർ അസി.എഞ്ചിനിയർ | 11508101631/ 7-12-2015 | |
| ആകെ | | 21623 | | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-8 | 2013-14 | 6.1 | പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം-ലഘു അവലോകനം | വിഷയം സമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 28562718 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39239736 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 115524 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 113150 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-9 | - | 115524 | ശ്രീ.സൈനുലാബ്ദീൻ.എ<br>അസി.എഞ്ചിനിയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 56285 | ശ്രീ.സുബ്രമണ്യൻ.എസ്, സെക്രട്ടറി |
| 3-4 | 45000 | ഡോ.രാമകൃഷ്ണൻ.പി.എസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-5 | 5910 | ഡോ.ഹേമ, മെഡിക്കൽ ഓഫീസർ(ആയുർവേദം) |
| 3-6 | 5955 | ശ്രീമതി.ശോഭ.പി.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 113150 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക 3- - 939 രൂപ

ശ്രീ.എസ്. സുബ്രമണ്യൻ, സെക്രട്ടറി

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുബ്രമണ്യൻ.എസ്, സെക്രട്ടറി | സെക്രട്ടറി, കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് | ഭാമാ നിവാസ്, അത്തിപ്പൊറ്റ(പി.ഒ), പാലക്കാട് -678594 |
| ശ്രീ.സൈനുലാബ്ദീൻ.എ<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് | ബർക്കത്ത് വീട്, ചെന്താമര നഗർ, പാലത്തുള്ളി റോഡ്, |

| | | |
|---|---|---|
| | | തത്തമംഗലം(പി.ഒ), പാലക്കാട്-678102 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.പി8/15 /98/26-11-2015 | 11 | |
| 1997-98 മുതൽ 1999-2000 വരെ | എൽ.എഫ്.പി14/868 /06/11-10-2016 | 37 | |
| 2000-01 | എൽ.എഫ്.പി14/608 /11/14-9-2011 | 16 | |
| 2001-02 | എൽ.എഫ്.പി14/609 /11/2-6-2011 | 3 | |
| 2002-03 | എൽ.എഫ്.പി14/610 /11/23-8-2011 | 4 | |
| 2003-04 | എൽ.എഫ്.പി14/611 /11/23-8-2011 | 13 | |
| 2004-05 | എൽ.എഫ്.പി14/692 /12/12-6-2012 | 5 | |
| 2005-06 | എൽ.എഫ്.പി14/697 /12/7-5-2012 | 11 | |
| 2006-07 | എൽ.എഫ്.പി14/717 /12/7-5-2012 | 13 | |
| 2007-08 | എൽ.എഫ്.പി14/742 /12/7-5-2012 | 6 | |
| 2008-09 | എൽ.എഫ്.പി11/1199 /13(1)/3-8-2013 | 3 | |

| | | | |
|---|---|---|---|
| 2009-10<br>2010-11 | എൽഎഫ്.3041/<br>സ്പെ.സെൽ/<br>സി.എസ്.സി.ഡി3/13<br>/11-6-2013 | 3 | |
| 2011-12 | എൽ.എഫ്.പി11/1701<br>/2013/31-10-2013 | - | |
| 2012-13 | കെ.എസ്.എ-<br>പികെഡി-11/642<br>/2015(1)/18-11-2015 | 2 | |
| 2013-14&<br>2014-15 | കെ.എസ്.എ-<br>പികെഡി-11/1072<br>/16/11-7-2016 | 20 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# **1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി-11-2138/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി -22-12-2016

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അപാകതകളുടെ സംക്ഷിപ്തം

1. വാർഷിക കണക്കിലെ R&P സ്റ്റേറ്റ്മെന്റ് 31 പ്രകാരം വികസനഫണ്ട് ജനറൽ ഇനത്തിലെ വരവ് 4427845 രൂപയാണ്. യഥാർത്ഥ വരവ് 6144147 രൂപയാണ്. വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

2. വാർഷിക കണക്കിൽ I-6 സ്റ്റേറ്റ്മെന്റ് പ്രകാരം MNREGA വരവ് 789890 രൂപ മാത്രമാണ് വരവ് കാണിച്ചിട്ടുള്ളത്. ഇ.എഫ്.എം.എസ് മുഖേനയുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. RP-7 സ്റ്റേറ്റ്മെന്റിൽ വികസനഫണ്ട് ജനറൽ ഇനത്തിൽ (-) 653988 രൂപയും, വികസനഫണ്ട് കെ.എൽ.ജി.എസ്.ഡി.പി (-) 900000 രൂപയും, മെയ്ന്റനൻസ് ഗ്രാന്റ് നോൺറോഡ് (-) 94016 രൂപയും വരവായി കാണിച്ചതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

4. വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിലെ സംക്ഷിപ്ത വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-11-2138/2016

Kerala State Audit Department

District Audit Office, Palakkad

Tel. 04912520145

E-mail – dopkd.ksad@kerala.gov.in

Date.22–12-2016

## Audit Certificate

Certified that I have audited the Annual Financial Statement of Polpully Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Polpully Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Receipt as per RP31 in the category of Plan Fund General is 4427845. But the actual receipt is 6144147. Difference not rectified.

2. MNREGA receipt as per I-6 statement is 789890. EFMS receipts not included in the AFS.

3. The reason for the negative figures in RP-7 statement against Plan Fund General, KLGSDP and Maintenance Grant Non Road not explained.

4. Abstract details of Property Tax demend register not in agreement with AFS.

Deputy Director